(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പത്തിയൂർ വില്ലേജിൽ സർവ്വേ നമ്പർ 790, 791, 800/12, 800/23, 800/10, 11, 806/23, 828/16, 834/14 മുതൽ 30 വരെയുള്ള പി.ഐ.പി. വക ഉപയോഗശൂന്യമായ സ്ഥലം പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് പതിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു.

(സി) പത്തിയൂർ വില്ലേജിൽ 790, 791, 800/12, 800/23, 800/10, 11, 806/23, 828/16, 834/14 മുതൽ 30 വരെ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമി പരിശോധിച്ച് പദ്ധതിക്ക് ആവശ്യമില്ല എന്നു കണ്ടെത്തിയാൽ മറ്റാവശ്യങ്ങൾക്ക് താൽക്കാലികമായി കൈമാറ്റം ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ കായലോരവാസികളുടെ സുരക്ഷ

128 (8188) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

വൈപ്പിൻ മണ്ഡലത്തിലെ കായലോരവാസികളുടെ സുരക്ഷയ്ക്കായി 661.55 ലക്ഷം രൂപ മുടക്കി പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും പേര്, എസ്റ്റിമേറ്റ് തുക, നിർമ്മാണം പൂർത്തിയാക്കിയ തീയതി, ചെയിനേജ് എന്നിവ വിശദീകരിക്കുമോ ?

ഉത്തരം

വൈപ്പിൻ മണ്ഡലത്തിലെ കായലോരവാസികളുടെ സുരക്ഷയ്ക്കായി വിനിയോഗിച്ച 805.65 ലക്ഷം രൂപയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 11-6-2014-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 855-ാം നമ്പർ ചോദ്യത്തിനു മറുപടിയായി 805.65 ലക്ഷം രൂപയ്ക്കു പകരം 661.55 ലക്ഷം രൂപ എന്ന് തെറ്റായി സമർപ്പിച്ചത് മൂല്യനിർണ്ണയ പിശകിൽ സംഭവിച്ചതാണ് എന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly